Regd. Post with A/D

നം. ഡി.പി.1-3777/10

എക്സൈസ് ഡിവിഷൻ ഓഫീസ്,
പത്തനംതിട്ട,
തീയതി: 18.10.10.

പ്രേഷകൻ

സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ,
പത്തനംതിട്ട.

ഗ്രാഹകൻ

ശ്രീ. അഡ്വ.ഡി.ബി. ബിനു,
കൊച്ചിൻ ചേംബർ ഓഫ് ലായേഴ്സ്,
2 ഫ്ലോർ ഓഫ് ഫാത്തിമ പ്ലാസ,
പ്രോവിഡൻസ് റോഡ്, കൊച്ചി-18.

സർ,

വിഷയം:- വിവരാവകാശനിയമപ്രകാരം നൽകിയ ചോദ്യങ്ങൾക്ക് ഉത്തരം സമർപ്പിക്കുന്നതിനെ സംബന്ധിച്ച്.

സൂചന:- എക്സ്.ഐ.1-2335/10 തീയതി: 16.09.2010, തിരുവനന്തപുരം എക്സൈസ് കമ്മീഷണറേറ്റിൽ നിന്നും ലഭിച്ച കത്ത്.

...

മേൽ വിഷയത്തിലേക്ക് താങ്കളുടെ ശ്രദ്ധ ക്ഷണിച്ചുകൊള്ളുന്നു. വിവരാവകാശനിയമപ്രകാരം ആവശ്യപ്പെട്ട ചോദ്യങ്ങൾക്കുള്ള ഉത്തരങ്ങൾ താഴെ വിവരിച്ച് സമർപ്പിച്ചുകൊള്ളുന്നു.

1. പത്തനംതിട്ട ഡിവിഷനിൽ 2006-07 സാമ്പത്തികവർഷത്തിൽ കള്ള് ചെത്തുന്നതിനായി അടൂർ റേഞ്ചിൽ 8160 തെങ്ങുകൾക്ക് വൃക്ഷക്കരം ഒടുക്കിയിട്ടുള്ളതും പത്തനംതിട്ട റേഞ്ചിൽ 2885 തെങ്ങുകളും, കോന്നി റേഞ്ചിൽ 1270 തെങ്ങുകളും, റാന്നി റേഞ്ചിൽ 1073 തെങ്ങുകളും 452 ചൂണ്ടപ്പനയ്ക്കും, മല്ലപ്പള്ളി റേഞ്ചിൽ 2930 തെങ്ങുകൾക്കും 59 ചൂണ്ടപ്പനകൾക്കും, തിരുവല്ലാ റേഞ്ചിൽ 3350 തെങ്ങുകൾക്കും വൃക്ഷക്കരമടച്ചിട്ടുള്ളതും ആകെ 5,64,160/- രൂപയും 2007-08 സാമ്പത്തികവർഷത്തിൽ അടൂർ റേഞ്ചിൽ 8860 തെങ്ങുകൾക്കും പത്തനംതിട്ട റേഞ്ചിൽ 4510 തെങ്ങുകൾക്കും കോന്നി റേഞ്ചിൽ 1820 തെങ്ങുകൾക്കും റാന്നി റേഞ്ചിൽ 1305 തെങ്ങുകൾക്കും 470 ചൂണ്ടപ്പനകൾക്കും ചിറ്റാർ റേഞ്ചിൽ 620 തെങ്ങുകൾക്കും 120 ചൂണ്ടപ്പനകൾക്കും മല്ലപ്പള്ളി റേഞ്ചിൽ 2500 തെങ്ങുകൾക്കും 48 ചൂണ്ടപ്പനകൾക്കും തിരുവല്ലാ റേഞ്ചിൽ 2885 തെങ്ങുകൾക്കും വൃക്ഷക്കരമടച്ചിട്ടുള്ളതും ആകെ 706900 രൂപയും, 2008-09

സാമ്പത്തികവർഷത്തിൽ അടൂർ റേഞ്ചിൽ 6700 തെങ്ങുകൾക്കും പത്തനംതിട റേഞ്ചിൽ 2400 തെങ്ങുകൾക്കും കോന്നി റേഞ്ചിൽ 900 തെങ്ങുകൾക്കും റാന്നി റേഞ്ചിൽ 650 തെങ്ങുകൾക്കും 425 ചൂണ്ടപ്പനകൾക്കും ചിറ്റാർ റേഞ്ചിൽ 10 തെങ്ങുകൾക്കും 150 ചൂണ്ടപ്പനകൾക്കും മല്ലപ്പള്ളി റേഞ്ചിൽ 1840 തെങ്ങുകൾക്കും 40 ചൂണ്ടപ്പനകൾക്കും തിരുവല്ലാ റേഞ്ചിൽ 3115 തെങ്ങുകൾക്കും വൃക്ഷക്കരം ഒടുക്കിയിട്ടുള്ളതും ആകെ 5,06,700 രൂപ ലഭിച്ചിട്ടുള്ളതുമാണ്.

2. 2008-09 സാമ്പത്തിക വർഷത്തിൽ അടൂർ റേഞ്ചിൽ 6700 തെങ്ങുകൾക്കും, പത്തനംതിട റേഞ്ചിൽ 2400 തെങ്ങുകൾക്കും കോന്നി റേഞ്ചിൽ 900 തെങ്ങുകൾക്കും റാന്നി റേഞ്ചിൽ 650 തെങ്ങുകൾക്കും 425 ചൂണ്ടപ്പനകൾക്കും ചിറ്റാർ റേഞ്ചിൽ 10 തെങ്ങുകൾക്കും 150 ചൂണ്ടപ്പനകൾക്കും തിരുവല്ലാ റേഞ്ചിൽ 3115 തെങ്ങുകൾക്കും വൃക്ഷക്കരം ഒടുക്കിയിട്ടുള്ളതും ആകെ 5,06,700/- രൂപ ലഭിച്ചിട്ടുണ്ട്.

3. ബി. ടി നിയമം ലംഘിച്ച് പത്തനംതിട ഡിവിഷനിൽ കള്ളുഷാപ്പുകൾ പ്രവർത്തിക്കുന്നില്ല.

3. സി. ബാധകമല്ല.

4. തെങ്ങിൽ നിന്നും ശരാശരി 1.5 ലിറ്റർ കള്ളും ചൂണ്ടപ്പനയിൽ നിന്നും ശരാശരി 6 3/4 ലിറ്റർ കള്ളും ഉൽപ്പാദിപ്പിക്കുന്നു. എക്സൈസ് മാനുവൽ പ്രകാരം ലഭിച്ച കണക്ക് ആയതിന്റെ കോപ്പി ഇതോടൊപ്പം അയക്കുന്നു.

5. പത്തനംതിട ഡിവിഷനിലേക്ക് പ്രതിദിനം 17586 ലിറ്റർ കള്ള് ഉല്പാദിപ്പിക്കുന്നു.

6. പത്തനംതിട ഡിവിഷനിൽ 7 റേഞ്ചുകൾ ഉണ്ട്. അടൂർ റേഞ്ചിൽ 6738 ലിറ്ററും, തിരുവല്ല റേഞ്ചിൽ 2763 ലിറ്ററും മല്ലപ്പള്ളി റേഞ്ചിൽ 1256 ലിറ്ററും, റാന്നി റേഞ്ചിൽ 1083 ലിറ്ററും കോന്നി റേഞ്ചിൽ 1577 ലിറ്ററും പത്തനംതിട റേഞ്ചിൽ 4169 ലിറ്ററും ചിറ്റാർ റേഞ്ചിൽ കള്ളുഷാപ്പുകൾ ലൈസൻസ് ചെയ്യാത്തതിനാൽ പ്രവർത്തിക്കുന്നില്ലാത്തതുമാണ്.

7. ടി ഓഫീസിൽ കണക്കുകൾ ലഭ്യമല്ല.

വിശ്വസ്തതയോടെ,

സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ,
പത്തനംതിട

പകർപ്പ്:- എക്സൈസ് കമ്മീഷണർ, തിരുവനന്തപുരം.